സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - ജീവനക്കാര്യം - ദേവസ്വം വിഭാഗം – ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡർ - സ്ഥാനക്കയറ്റം - സ്ഥലംമാറ്റം - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 5600/21/Est-1 (i)** നന്തൻകോട്, **10/12/2021**

---

പരാമർശം :- 1) 29-04-2021 ലെ ROC 5600/21/Est-1 നമ്പർ ബോർഡുത്തരവ്.
2) ദേവസ്വം കമ്മീഷണറുടെ 30-11-2021 ലെ ROC 75/21/Est-A നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡറിൽ ദേവസ്വം അക്കൗണ്ട്സ് ആഫീസർ തസ്തികയിൽ ജോലി നോക്കിയിരുന്ന ശ്രീമതി. ജി. വിജയകുമാരി അമ്മ 30-11-2021 ൽ സർവ്വീസിൽ നിന്നും വിരമിച്ചു. പ്രസ്തുത ഒഴിവ് നികത്തുന്നത് സംബന്ധിച്ച് ലഭിച്ച ദേവസ്വം കമ്മീഷണറുടെ പരാമർശം 2 റിപ്പോർട്ട് ബോർഡ് സസൂക്ഷ്മം പരിശോധിച്ചു.

2004 ലെ അപ്പർ ഡിവിഷൻ ക്ലാർക്കുമാരുടെ സീനിയോരിറ്റി ലിസ്റ്റ് ബഹുമാനപ്പെട്ട ഹൈക്കോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പുനഃക്രമീകരിച്ചതുമായി ബന്ധപ്പെട്ട് ടി ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ തുടർ പ്രൊമോഷനുകൾ (ഹെഡ് ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട്, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ) ക്രമീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകാത്തതിനാൽ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ തസ്തികകളിൽ ജോലി നോക്കുന്ന ഉദ്യോഗസ്ഥരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റുകൾ തയ്യാറാക്കുവാൻ സാധിച്ചിട്ടില്ല. അതിനാൽ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി കൂടി പ്രൊമോഷൻ നൽകുന്നതിനുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുമില്ല. എന്നാൽ ഇക്കാരണത്താൽ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ പോലെയുള്ള ഉയർന്ന തസ്തികയിലെ ഒഴിവ് നികത്താതിരിക്കുന്നത് ഡിപ്പാർട്ട്മെന്റ് ഭരണത്തെ സാരമായി ബാധിക്കുമെന്ന് ബോർഡ് വിലയിരുത്തി. ഇത്തരം സാഹചര്യങ്ങളിൽ താൽക്കാലിക പ്രൊമോഷൻ അനുവദിക്കുന്നതിന് KS&SSR ചട്ടം 31 (a) (i) ൽ വ്യവസ്ഥയുണ്ട്.

...2

ചട്ടപ്രകാരം നടപടിക്രമം പാലിച്ച് റഗുലർ പ്രൊമോഷൻ അനുവദിക്കുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ പുനർക്രമീകരിച്ച സീനിയോരിറ്റി ലിസ്റ്റിനെ അടിസ്ഥാനപ്പെടുത്തി ദേവസ്വം കമ്മീഷണർ സമർപ്പിച്ച അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ തസ്തികയിലെ 04/2021 ലെ പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റിൽ നിന്നും KS&SSR ചട്ടം 31 (a) (i) അനുസരിച്ച് ചുവടെ വിവരിക്കും പ്രകാരം ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡറിലേക്ക് പ്രൊവിഷണൽ പ്രൊമോഷൻ അനുവദിച്ചും, ടി തസ്തികയിൽ സ്ഥലംമാറ്റം നടപ്പിൽ വരുത്തിയും ബോർഡുത്തരവാകുന്നു.

## I. സ്ഥലംമാറ്റം : ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡർ

ദേവസ്വം കമ്മീഷണർ ആഫീസിൽ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ (P&SGRC) തസ്തികയിൽ ജോലി നോക്കുന്ന ശ്രീമതി. സി. സുനിലയെ ദേവസ്വം അക്കൗണ്ട്സ് ആഫീസർ തസ്തികയിൽ സ്ഥലംമാറ്റി നിയമിക്കുന്നു.

## II. സ്ഥാനക്കയറ്റം (താൽക്കാലികം) : ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡർ (ശമ്പള സ്കെയിൽ : 68700-110400)

അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ കേഡറിലെ 04/2021 ലെ പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റിൽ നിലവിലെ സീനിയർ മോസ്റ്റായ ദേവസ്വം കമ്മീഷണർ ആഫീസിലെ അസിസ്റ്റന്റ് കമ്മീഷണർ (ജനറൽ അഡ്മിനിസ്ട്രേഷൻ) ശ്രീമതി. എസ്. ശശികലയെ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡറിൽ 68700-1650-72000-1800-81000-2000-97000-2200-108000-2400-110400 രൂപ ശമ്പളസ്കെയിലിൽ താൽക്കാലികമായി പ്രൊമോട്ട് ചെയ്ത് ദേവസ്വം കമ്മീഷണർ ആഫീസിൽ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ (P&SGRC) തസ്തികയിൽ നിയമിക്കുന്നു.

ടി താൽക്കാലിക സ്ഥാനക്കയറ്റം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ കേഡറിലെ അന്തിമ സീനിയോരിറ്റി ലിസ്റ്റിനും വകുപ്പുതല പ്രൊമോഷൻ കമ്മിറ്റിയുടെ (DPC) അംഗീകാരത്തിനും വിധേയമായിരിക്കും.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. The Incumbents concerned
3. ഇ.ഡി.പി. സെക്ഷൻ
4. മിനിറ്റ്സ് സെക്ഷൻ
5. സെക്ഷൻ ഫയൽ
6. ഫയൽ ബുക്ക്
7. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK